LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജനയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

176 [1115] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പദ്ധതിയിൽ 2004-2005, 2005-2006, 2006-2007 വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പി.എം.ജി.എസ്.വൈ.യിൽ സംസ്ഥാന ഗവൺമെന്റിന് എത്ര രൂപയാണ് വിഹിതമായി വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനുള്ള വിഹിതം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-2005-ലെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ താഴെപ്പറയുന്ന റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

ഇരിക്കൂർ ബ്ലോക്ക്

1.	മലപ്പട്ടം	..	ട്രാൻസ്ഫാർമർ റോഡ്
2.	ഉളളിക്കൽ	..	വയത്തൂർ റോഡ്
3.	കാട്ടിലെപ്പീടിക	..	ചിറാട്ട്മൂല റോഡ്
4.	പുറ്റം	..	കല്യാട് റോഡ്
5.	കുട്ടുമുഖം	..	ചേപ്പറമ്പ് റോഡ്
6.	പതിനാറാംപറമ്പ്	..	കരിമ്പിൽ റോഡ്

പയ്യന്നൂർ ബ്ലോക്ക്

1.	പെരുവാമ്പ	..	പെരുവാമ്പ – കാര്യപ്പള്ളി റോഡ്
2.	എടക്കോം	..	പാന്നൂരുക്കിപ്പാറ റോഡ്
3.	കുണിയൻ	..	കിഴക്കേക്കര-പടിഞ്ഞാറെക്കര റോഡ്

2005-2006-വർഷത്തെ പദ്ധതികൾ തയ്യാറായിവരുന്നു. 2006-2007-ലെ പദ്ധതികൾ തയ്യാറാക്കാനുള്ള സമയമായിട്ടില്ല.

(ബി) 2004-2005-ൽ 52.76 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 2005-2006-ൽ 50 കോടി രൂപയ്ക്കുള്ള പദ്ധതികൾ സമർപ്പിക്കാൻ കേന്ദസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. മുൻവർഷങ്ങളിൽ 20 കോടി രൂപയാണ് വിഹിതമായി നിശ്ചയിച്ചിരുന്നത്. സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിയതുമൂലം 2004-2005-ൽ 52.76 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചു. ഈ വർഷവും 50 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം

177 [1116] *ശ്രീ. പിരപ്പൻകോട് മുരളി:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുന്ന ജില്ലകൾക്ക് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്ര സർക്കാർ നൽകുന്നത്;

(ബി) ഈ സ്കീമിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ വിതരണം സുതാര്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിൽ കേരളത്തിലെ വയനാട് ജില്ല മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുഴുവൻ സഹായവും പണമായും ഭക്ഷ്യധാന്യമായും കേന്ദ്ര സർക്കാർ നൽകുന്നു. ഒന്നാം ഗഡുവായി 547.17 ലക്ഷം രൂപയും 5618 എം. ടി. ഭക്ഷ്യധാന്യവും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ സുതാര്യമായ ഭക്ഷ്യധാന്യ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ ഭാഗമായി, പണികൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന ത്രിതല പഞ്ചായത്തുകളുടെ ആവശ്യാനുസരണം, പഞ്ചായത്തു സെക്രട്ടറിമാർക്കാണ്, ആവശ്യമായ ഭക്ഷ്യധാന്യം അനുവദിക്കുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്പോകളിൽനിന്ന് നേരിട്ട് ഭക്ഷ്യധാന്യം ഗുണഭോക്തൃസമിതി കൺവീനർമാർക്ക് വിതരണം ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly